**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **28-07-2021 - ൽ മറുപടിയ്ക്ക്**

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിന് കീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിരവധി കെട്ടിടങ്ങൾ കാലപ്പഴക്കം നിമിത്തം പ്രവർത്തന സജ്ജമല്ലാത്ത അവസ്ഥയിലായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൽ.എസ്.ജി.ഡി ഫണ്ട്, എൻ.എച്ച്.എം ഫണ്ട്, നിയമസഭാ സാമാജികരുടെ ഫണ്ട് എന്നിവ ഉപയോഗിച്ചും, ആർദ്രം പദ്ധതി മുഖാന്തിരവും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും, ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമുള്ള താഴെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. ജില്ല കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ കൊല്ലം കോട്ടുക്കപ്പുറം സബ് സെന്റർ ട്രസ്റ്റ് മുഖാന്തിരം പൊളിച്ചുമാറ്റി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനാപുരം മെയിൻ സെന്റർ "ബി" വാർഷിക മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചോഴിയാക്കോട് സബ് സെന്ററിന്റെയും, കുടത്തുർ സബ് സെന്ററിന്റെയും പണി പഞ്ചായത്ത് മുഖേന നടന്നു വരുന്നു. പത്തനംതിട്ട 2021-2022 സാമ്പത്തിക വർഷത്തെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി മുഖേന, എഫ്.ഡബ്ല്യൂ.സി ഇരവിപേരൂർ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എഫ്.ഡബ്ല്യൂ.സി മൈലപ്ര നോർത്ത് കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തന യോഗ്യമാക്കുന്നതിന് എൻ.എച്ച്.എം. വഴി നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴ ചെട്ടികുളങ്ങര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഈരേഴ സബ് സെന്റർ കണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കൊച്ചി ജെട്ടി സബ് സെന്റർ എന്നിവ നവീകരിക്കുന്നതിനായി ഇതിനാവശ്യമായ തുക 70 ലക്ഷം രൂപ 5054-80-800-66 എന്ന ലംസം ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഇടുക്കി എൽ.എസ്.ജി.ഡി, എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം |

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. എറണാകുളം എൻ.എച്ച്.എം ഫണ്ടിൽ ഉൾപ്പെടുത്തി 54 സബ് സെന്ററുകളെ 2019-2020 ലും 72 സബ് സെന്ററുകളെ 2020-2021-ലും ഹെൽത്ത് & വെൽനെസ്സ് സെന്ററാക്കി ഉയർത്തി നവീകരിക്കുന്നതിനുളള നടപടി സ്വീകരിച്ച വരുന്നു. തൃശ്ശൂർ 66 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി 7 ലക്ഷം രൂപ വീതം അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ 76 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി 1 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മലപ്പുറം എൽഎസ്.ജി.ഡി. എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് കുടുംബക്ഷേമ ഉപ കേന്ദ്രം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. കോഴിക്കോട് ആരോഗ്യ കുടുംബക്ഷേമ ഉപ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം/ നവീകരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് പുതുപരിയാരം, കഞ്ചിക്കോട് സബ് സെന്ററുകൾ എന്നിവ നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ച വരുന്നു. വയനാട് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 121 സബ് സെന്ററുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 60 സബ് സെന്ററുകൾ നവീകരിക്കുന്നതിന് ഒരു സബ് സെന്ററിന് 7 ലക്ഷം രൂപ വീതവും 61 സബ് സെന്ററുകൾ നവീകരിക്കുന്നതിന് 1.75 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കണ്ണൂർ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും, പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാസർഗോഡ് പീലിക്കോട് സബ് സെന്ററിന് പുതിയ കെട്ടിടത്തിനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിലും, കടപ്പുറം സബ് സെന്ററിന് കെട്ടിടം നിർമ്മിക്കാൻ എൻ.എച്ച്.എം പദ്ധതിയിലും ബേക്കൂർ സബ് സെന്ററിന് കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് വാർഷിക പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്. എൻ.എച്ച്.എം മുഖേന നടത്തി വരുന്ന പദ്ധതികളുടെ വിശദ വിവരം താഴെ ചേർക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് (വിമലഗിരി, മുക്കുഴി, പുള്ളിപ്പാടം, പുത്തനാഴി, മുണ്ടേരി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി 212 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 728 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 50.96 കോടി രൂപ (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 9 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി (കരവാരം, ചിറക്കര, എടവട്ടം, ഏരൂർ, വളാംതോട്, ഉറങ്ങാട്ടിരി, അഡ്ക്കസ്ഥല, പൈവളിക, തയ്യിൽകടപ്പുറം) 337.5 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 825 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 57.75 കോടി രൂപയും (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 14 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി (ചെമ്മനാതുകര, അമര, കരീമഠം, മാലിപ്പുറം, അയ്യമ്പിള്ളി, ചങ്കുവെട്ടി, ബി.പി. അങ്ങാടി, കുന്നുംകര, മതുക്കോത്ത്, കുരാറ, ചെണ്ടയാട്, പുല്ലൂക്കര, അരമംഗലം, കാവുംതല) 938 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 469 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 1510 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 105.7 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 26.42 കോടി രൂപ ആദ്യ ഘട്ടത്തിൽ ലഭ്യമായിട്ടുണ്ട്. (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം). ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ പൊതുജനോപകാരപ്രദമായ നിലയിൽ അവയെ നവീകരിക്കുന്നതിനോ പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൽ.എസ്.ജി.ഡി ഫണ്ട്, എൻ.എച്ച്.എം ഫണ്ട്, നിയമസഭാ സാമാജികരുടെ ഫണ്ട് എന്നിവ ഉപയോഗിച്ചും, ആർദ്രം പദ്ധതി മുഖാന്തിരവും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും, ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമുള്ള താഴെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. ജില്ല കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ കൊല്ലം കോട്ടയ്ക്കപ്പുറം സബ് സെന്റർ ട്രസ്റ്റ് മുഖാന്തിരം പൊളിച്ചുമാറ്റി |

| | | | |
|---|---|---|---|
| | | | പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനാപുരം മെയിൻ സെന്റർ "ബി" വാർഷിക മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചോഴിയാക്കോട് സബ് സെന്ററിന്റെയും, കൂടത്തൂർ സബ് സെന്ററിന്റെയും പണി പഞ്ചായത്ത് മുഖേന നടന്നു വരുന്നു. പത്തനംതിട്ട 2021-2022 സാമ്പത്തിക വർഷത്തെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി മുഖേന, എഫ്.ഡബ്ല്യൂ.സി ഇരവിപേരൂർ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എഫ്.ഡബ്ല്യൂ.സി മൈലപ്ര നോർത്ത് കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തന യോഗ്യമാക്കുന്നതിന് എൻ.എച്ച്.എം. വഴി നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴ ചെട്ടികുളങ്ങര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഈരേഴ സബ് സെന്റർ കണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കൊച്ചി ജെട്ടി സബ് സെന്റർ എന്നിവ നവീകരിക്കുന്നതിനായി ഇതിനാവശ്യമായ തുക 70 ലക്ഷം രൂപ 5054-80-800-66 എന്ന ലംസം ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഇടുക്കി എൽ.എസ്.ജി.ഡി, എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം എൻ.എച്ച്.എം ഫണ്ടിൽ ഉൾപ്പെടുത്തി 54 സബ് സെന്ററുകളെ 2019-2020 ലും 72 സബ് സെന്ററുകളെ 2020-2021-ലും ഹെൽത്ത് & വെൽനെസ്സ് സെന്ററാക്കി ഉയർത്തി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തൃശ്ശൂർ 66 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി 7 ലക്ഷം രൂപ വീതം അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ 76 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി 1 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മലപ്പുറം എൽഎസ്.ജി.ഡി. എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് കുടുംബക്ഷേമ ഉപ കേന്ദ്രം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് ആരോഗ്യ കുടുംബക്ഷേമ ഉപ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം/ നവീകരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് പുതുപരിയാരം, കഞ്ചിക്കോട് സബ് സെന്ററുകൾ എന്നിവ നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. വയനാട് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 121 സബ് സെന്ററുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 60 സബ് സെന്ററുകൾ നവീകരിക്കുന്നതിന് ഒരു സബ് |

സെന്ററിന് 7 ലക്ഷം രൂപ വീതവും 61 സബ് സെന്ററുകൾ നവീകരിക്കുന്നതിന് 1.75 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കണ്ണൂർ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും, പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാസർഗോഡ് പീലിക്കോട് സബ് സെന്ററിന് പുതിയ കെട്ടിടത്തിനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിലും, കടപ്പുറം സബ് സെന്ററിന് കെട്ടിടം നിർമ്മിക്കാൻ എൻ.എച്ച്.എം പദ്ധതിയിലും ബേക്കൂർ സബ് സെന്ററിന് കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് വാർഷിക പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്. എൻ.എച്ച്.എം മുഖേന നടത്തി വരുന്ന പദ്ധതികളുടെ വിശദ വിവരം താഴെ ചേർക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് (വിമലഗിരി, മുക്കുഴി, പുള്ളിപ്പാടം, പുത്തനാഴി, മുണ്ടേരി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി 212 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 728 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 50.96 കോടി രൂപ (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 9 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി (കരവാരം, ചിറക്കര, എടവട്ടം, ഏരൂർ, വളാംതോട്, ഉറങ്ങാട്ടിരി, അഡ്ക്കസ്ഥല, പൈവളിക, തയ്യിൽകടപ്പുറം) 337.5 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 825 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 57.75 കോടി രൂപയും (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 14 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി (ചെമ്മനാതുകര, അമര, കരീമഠം, മാലിപുറം, അയ്യമ്പിള്ളി, ചങ്കുവെട്ടി, ബി.പി. അങ്ങാടി, കുന്നുംകര, മതുക്കോത്ത്, കുരാറ, ചെണ്ടയാട്, പുല്ലൂക്കര, അരമംഗലം, കാവുംതല) 938 ലക്ഷം

| | | | |
|---|---|---|---|
| | | | രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 469 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 1510 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 105.7 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 26.42 കോടി രൂപ ആദ്യ ഘട്ടത്തിൽ ലഭ്യമായിട്ടുണ്ട്. (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം). ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ